## 735

എൻപ്രാണനാഥൻ എന്നു വരും? എന്നു തീരും എൻവേദനകൾ?

1 ആകുലത്തിൽ ആശ്വസിപ്പാൻ ആവശ്യങ്ങളിൽ ആശ്രയിപ്പാൻ
അങ്ങല്ലതാരും ഇല്ലെനിക്ക് ആത്മനാഥാ ഈ പാരിടത്തിൽ-

2 ഇന്നിഹത്തിൽ നിന്നിലല്ലാതില്ല സന്തോഷം ജീവിതത്തിൽ
തിങ്ങിവിങ്ങുന്ന സങ്കടവും എങ്ങും പഴിയും നിന്ദകളും-

3 പ്രിയരെല്ലാം കൈവിടുമ്പോൾ പ്രതികൂലമായ് മാറിടുമ്പോൾ
പ്രാണപ്രിയാ ഈ ഏഴയാകും പ്രാണിയെ നീയും കൈവിടുമോ!

4 നല്ലതല്ലാതൊന്നുമില്ല നീ നൽകുമെല്ലാം നന്മയല്ലോ
നിത്യത തന്നിലെത്തുവോളം നീ നടത്തെന്നെ നിൻഹിതംപോൽ-

**C.J.**